<u>ഭരണഭാഷ-മാതൃഭാഷ</u>

എൽആർഇ(2)-16740/20

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം
പബ്ലിക് ഓഫീസ് ബിൽഡിംഗ്
വികാസ്ഭവൻ പിഒ, തിരുവനന്തപുരം- 33
തീയതി :19-06-2020

പ്രേഷിതൻ

കമ്മീഷണർ
ലാൻഡ് റവന്യൂ

സ്വീകർത്താവ്

1) എല്ലാ ജില്ലാ കലക്ടർമാർക്കും
2) സെക്രട്ടറി
ലാൻഡ് ബോർഡ്
3) ഡയറക്ടർ
സർവ്വെ & ലാൻഡ് റിക്കാർഡ്സ്, വഴുതക്കാട്
4) സൂപ്രണ്ട്
സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ

സർ,

വിഷയം : അഡ്ഹോക് ഡിപിസി (ലോവർ) 2020-കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കുന്നത്- സംബന്ധിച്ച്

സൂചന :1. ഈ കാര്യാലയത്തിൽ നിന്നുള്ള 07.03.2014ലെ എൽആർറ്റി1-2001/11 നമ്പർ നടപടിക്രമം

2. ഈ കാര്യാലയത്തിൽ നിന്നുള്ള 25.05.2017ലെ എൽആർറ്റി1-23051/16 നമ്പർ നടപടിക്രമം

3. 01.02.2020ലെ കേരള ഗസറ്റ് (അസാധാരണം) നമ്പർ 317 ആയി പ്രസിദ്ധീകരിച്ച 24.01.202ലെ എൽആർഇ(2)-39263/19 നമ്പർ നടപടിക്രമം

ലാൻഡ് റവന്യൂ വകുപ്പിൽ 2020-ൽ നിലവിലുള്ളതും,ഇനി പ്രതീക്ഷിക്കുന്നതുമായ തഹസിൽദാർ/ സീനിയർ സൂപ്രണ്ട്മാരുടെ ഒഴിവുകൾ നികത്തുന്നതിനായി സപ്ലിമെന്ററി സെലക്ട്ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള ശിപാർശ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ലോവർ) മുമ്പാകെ സമർപ്പിക്കുന്നതിലേക്കായി സൂചന(1),(2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ള സീനിയോരിറ്റി ലിസ്റ്റിൽ റാങ്ക് നമ്പർ 5525 വരെയുള്ളവരിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചവരും മതിയായ യോഗ്യത നേടിയവരുമായ ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ 30.06.2020ന് മുമ്പായി

ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഈ വിവരം ബന്ധപ്പെട്ട എല്ലാ ഡെ.തഹസിൽദാർ/ജെഎസ് മാരേയും അറിയിച്ചിട്ടുണ്ട് എന്നുള്ള സാക്ഷ്യപത്രം 25.06.2020ന് മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്. ഡിപിസി സംബന്ധിച്ച എല്ലാ കത്തിടപാടുകളും 'ഡിപിസി-അഡ്ഹോക്-അടിയന്തിരം' എന്ന തലക്കെട്ടോടെ സമയബന്ധിതമായി സമർപ്പിക്കേണ്ടതാണ്.

കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ സമർപ്പിക്കുമ്പോൾ ചുവടെ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.

1. 2017 ജനുവരി 01 മുതൽ 2019 ഡിസംബർ 31 വരെയുള്ള കാലയളവിലെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളാണ് സമർപ്പിക്കേണ്ടത്.
2. കോൺഫിഡൻഷ്യൽ റിപ്പോർട്ട് സമർപ്പിക്കാത്ത കാലയളവ് ഉണ്ടെങ്കിൽ ആയതിനുള്ള കാരണം കാണിക്കുന്ന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.
3. കേരള ക്രിമിനൽ ജുഡീഷ്യൽ ടെസ്റ്റ്, ഹയർ സർവ്വെ എന്നിവ വിജയിച്ച സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ അനുബന്ധം 2 പ്രകാരമുള്ള അബ്സ്ട്രാക്റ്റ് എന്നിവ ഉൾക്കൊള്ളിച്ചിരിക്കണം.
4. ഓഫീസ് മേലധികാരികൾ കോൺഫിഡൻഷ്യൽ റിപ്പോർട്ട് പരിശോധിച്ച് അനുബന്ധം 1 (ഫാറംഎ) പ്രകാരമുള്ള റിമാർക്സ്, അനുബന്ധം3 പ്രകാരമുള്ള അച്ചടക്കനടപടി സംബന്ധിച്ച വിവരങ്ങൾ എന്നിവ സഹിതം ഹാജരാക്കണം.
5. സർക്കാർ ഉത്തരവ് നമ്പർ സ.ഉ(കൈ) നം.357/2017/ആർഡി തീയതി 25.10.2017 അടിസ്ഥാനമാക്കി ഭിന്നശേഷിക്കാരായ ജീവനക്കാരിൽ നിന്നുള്ളവരും നിരീക്ഷണകാലം വിജയകരമായി പൂർത്തീകരിച്ചവരും ഹയർസർവ്വെയൊഴികെ മറ്റ് മതിയായ യോഗ്യത നേടിയവരുമായ ഡെപ്യൂട്ടി തഹസിൽദാർ/ ജെഎസ് മാരുടെ കോൺഫിഡൻഷ്യൽ റിപ്പോർട്ടുകളും മേൽ നിർദ്ദേശങ്ങൾ പാലിച്ച് സമർപ്പിക്കേണ്ടതാണ്.

30.06.2020ന് ശേഷം ലഭിക്കുന്ന കോൺഫിഡൻഷ്യൽ റിപ്പോർട്ടുകൾ അഡ്ഹോക് ഡിപിസി(ലോവർ) മുമ്പാകെ സമർപ്പിക്കാൻ കഴിയില്ലെന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

കമ്മീഷണർക്കു വേണ്ടി

പകർപ്പ് - ജി(1) സീറ്റിന്